## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2024

05/05/17-ൽ മറുപടിയ്ക്ക്

## ദേവികുളം മണ്ഡലത്തിൽ പട്ടികജാതി വികസനവകുപ്പിൽ നിന്നുള്ള ചികിത്സാധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ ദേവികുളം നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസനവകുപ്പിൽ നിന്നും നാളിതുവരെ ചികിത്സാധനസഹായം നൽകിയിട്ടുള്ളവരുടെ വിവരം ലഭ്യമാക്കുമോ; | എ) | ദേവികുളം നിയോജകമണ്ഡലത്തിൽ നാളിതുവരെ 235 പേർക്ക് 46,10,000/-രൂപ ചികിത്സാധനസഹായം നൽകിയിട്ടുണ്ട്. സഹായം ലഭിച്ചവരുടെ പേരുവിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ബി) | ചികിത്സാധനസഹായം അനുവദിച്ചവർക്ക് തുക ലഭിക്കുന്നതിനു കാലതാമസം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | എങ്കിൽ അത് പരിഹരിക്കാൻ നടപടികൾ എന്തെങ്കിലും സ്വീകരിച്ചുവോയെന്ന് വ്യക്തമാക്കുമോ; | സി) & ഡി) | ആയത് പരിഹരിക്കുന്നതിലേക്കായി ചികിത്സാധനസഹായ വിതരണ പദ്ധതി ഓൺലൈനാക്കുന്നതിനും ഗുണഭോക്താക്കളുടെ അക്കൗണ്ട് വഴി തുക താമസം കൂടാതെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**